തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം

148 (5500) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷനെ ഏത് രീതിയിലാണ് പരിഷ്കരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇൻഫർമേഷൻ കേരള മിഷൻ ഇതുവരെ എത്ര സോഫ്റ്റ്വെയറുകൾ ആണ് നിർമ്മിച്ചിരിക്കുന്നത് ; ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സോഫ്റ്റ്വെയർ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ; ഇവ എന്ന് പൂർത്തിയാകും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ സുഗമമായും കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷനെ 1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ആയതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ബൈലോ, റൂൾസ് & റെഗുലേഷൻസ് എന്നിവ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇൻഫർമേഷൻ കേരള മിഷൻ 15 സോഫ്റ്റ്വെയറുകളാണ് നിർമ്മിച്ചിരിക്കുന്നത്. സകർമ്മ ആപ്ലിക്കേഷന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സംവിധാനമായ സുഗമ, സാമൂഹിക സാമ്പത്തിക വിവരങ്ങൾ ഉൾക്കൊള്ളുന്ന വിവരവ്യൂഹം കൈകാര്യം ചെയ്യുന്നതിനുള്ള സാമൂഹ്യ എന്നിവയുടെ നിർമ്മാണ പ്രക്രിയയും Stand Alone സോഫ്റ്റ്വെയറുകൾ വെബ് അധിഷ്ഠിതമാക്കുന്ന പ്രക്രിയയും നടന്നുകൊണ്ടിരിക്കുന്നു. 'Software Upgradation പ്രവർത്തി കാലോചിതമായി ചെയ്യേണ്ടതിനാൽ ഇവ പൂർത്തിയാകുന്ന കാലാവധി നിജപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly